## പൊതുമരാമത്ത്‌വകുപ്പ്, ഭരണവിഭാഗം ചീഫ് എഞ്ചിനീയറുടെ നടപടിക്രമങ്ങൾ

(ഹാജർ:എം.പെണ്ണമ്മ)

വിഷയം: പൊതുമരാമത്ത് വകുപ്പ്- വിജിലൻസ്- ശ്രീ.കെ.മുരളീധരൻ, കെയർടേക്കർ - അച്ചടക്കനടപടി - സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുന്നത് - സംബന്ധിച്ച്

പരാമർശം: 1 . ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ഇന്റലിജൻസ്) ന്റെ 05/04/2017 തീയതിയിലെ കത്ത് നമ്പർ G10(A)-21659/2017/SB

2. പൊതുമരാമത്ത് വകുപ്പ് ഭരണവിഭാഗം, ചീഫ് എഞ്ചിനീയറുടെ ഉത്തരവ് നമ്പർ വിജി.5/7091/2017 തീയതി 06/04/2017
3. ശ്രീ.കെ.മുരളീധരൻ, കെയർടേക്കർ 07/04/2017 തീയതിയിൽ സമർപ്പിച്ച മറുപടി.
4. ചീഫ് എഞ്ചിനീയർ, കെട്ടിട വിഭാഗത്തിൻെറ കത്ത് നമ്പർ സി.ഇ/ബിഎൽ/എച്ച്.സി/6581/2017 തീയതി 26/07/2017

### ഉത്തരവ് നമ്പർ .വിജി- 5/7091/2017 തീയതി 10-08-2017

കാസർഗോഡ്, കാഞ്ഞങ്ങാട്, പൊതുമരാമത്ത് വകുപ്പ്, റസ്റ്റ് ഹൗസ് കെയർടേക്കറായ ശ്രീ.കെ.മുരളീധരന്റെ ഒത്താശയോടെ റസ്റ്റ്ഹൗസിൽ മദ്യ സൽക്കാരവും മറ്റ് ക്രമവിരുദ്ധ പ്രവർത്തനങ്ങളും നടക്കുന്നുവെന്നും റസ്റ്റ് ഹൗസ് മുറികൾ വാകടയ്ക്ക് നൽകിയാൽ ആയതിന്റെ രസീത് നൽകുകയോ രജിസ്റ്ററുകൾ യഥാക്രമം സൂക്ഷിക്കുകയോ ചെയ്യുന്നില്ല എന്ന് ഇന്റലിജൻസ് വിഭാഗം റിപ്പോർട്ട് ചെയ്തിരുന്നു. ശ്രീ.മുരളീധരന്റെ പ്രവർത്തനം സർക്കാർ ജീവനക്കാരൻെറ പെരുമാറ്റച്ചട്ട പ്രകാരം ഗുരുതരമായ അച്ചടക്കലംഘനമാണെന്ന് കണ്ടെത്തി. സൂചന (2) പ്രകാരം ശ്രീ.മുരളീധരനെ സർവ്വീസിൽ നിന്നും വേലവിലക്കിൽ നിർത്തിയിരുന്നു. സൂചന (3) പ്രകാരം ശ്രീ.മുരളീധരൻ സമർപ്പിച്ച മറുപടിയിൽ ടിയാനെതിരായ ആരോപണങ്ങൾ ടിയാൻ നിഷേധിക്കുകയും താൻ വലത് കൈ സ്വാധീനക്കുറവ് ഉള്ള ആളാണെന്നും തന്റെ കുടുംബത്തിന്റെ അത്താണി താൻ ആണെന്നും ടിയാൻ ബോധിപ്പിക്കുകയുണ്ടായി. ചീഫ് എഞ്ചിനീയർ, കെട്ടിട വിഭാഗം സൂചന (4) പ്രകാരം ടിയാന്റെ വേലവിലക്ക് പിൻവലിച്ച് തിരിച്ചെടുക്കണമെന്നുള്ള അപേക്ഷ അനന്തര നടപടികൾക്കായി അയച്ചുതന്നിരിക്കുന്നു. പ്രസ്തുത സാഹചര്യത്തിൽ ശ്രീ.കെ.മുരളീധരനെ അച്ചടക്കനടപടിക്ക് ഭംഗം വരാത്ത രീതിയിൽ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ച് ഇതിനാൽ

...2)

ഉത്തരവുപുറപ്പെടുവിക്കുന്നു. ടി ജീവനക്കാരന് അച്ചടക്ക നടപടിക്ക് വിധേയമായി പ്രസ്തുത റസ്റ്റ് ഹൗസിൽ തന്നെ തുടരാവുന്നതാണ്.

ഒപ്പ്/-

എം.പെണ്ണമ്മ
ചീഫ്എഞ്ചിനീയർ
പൊതുമരാമത്ത് വകുപ്പ്, ഭരണവിഭാഗം

സ്വീകർത്താവ്
ശ്രീ.കെ.മുരളീധരൻ,
കെയർടേക്കർ
(എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെട്ടിട വിഭാഗം, കാസർഗോഡ് മുഖേന)

പകർപ്പ്
എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെട്ടിട വിഭാഗം, കാസർഗോഡ്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, പൊതുമരാമത്ത് വകുപ്പ്
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, മിനിസ്റ്റീരിയൽ
കരുതൽ ഫയൽ

/ ഉത്തരവിൻ പ്രകാരം/

KSh

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
പൊതുമരാമത്ത് വകുപ്പ്, വിജിലൻസ്
(i/c)